വൈദ്യുതി കണക്ഷന് കാലതാമസം

67 (434) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഇലക്ട്രിക് പോസ്റ്റുകളുടെ കുറവ്മൂലം വൈദ്യുതി കണക്ഷൻ നൽകുന്നതിന് കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൈദ്യുതി കണക്ഷനുവേണ്ടി പണമടച്ച എത്ര പേർക്കാണ് പോസ്റ്റില്ല എന്ന കാരണത്താൽ കണക്ഷനുകൾ നൽകുവാനുള്ളതെന്ന് സെക്ഷൻ തിരിച്ച കണക്കുകൾ നൽകുമോ ;

(സി) ജില്ലയിലേക്ക് വൈദ്യുതി പോസ്റ്റുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

സെക്ഷൻ	എണ്ണം
ഉപ്പള	2
മഞ്ചേശ്വരം	5
കാസർഗോഡ്	1
നെല്ലിക്കുന്ന്	1
വോർക്കാടി	1
ചെർക്കള	19
ബദിയടുക്ക	14
പെർള	3
ഉദുമ	18
ചട്ടഞ്ചാൽ	8
ചിത്താരി	2
മാവുങ്കൽ	10
പെരിയ	3

LIBRARY ARCHIVES Kerala Legislative Assembly

രാജപുരം	3
നീലേശ്വരം	24
ചോയങ്കോട്	3
ഭീമനടി	17
പീലിക്കോട്	2
പടന്ന	4
പടന്നക്കാട്	4

(സി) ഉണ്ട്. കാസർഗോഡ് സർക്കിളിനു കീഴിലുള്ള സെക്ഷൻ ഓഫീസുകളിൽ 8 മീറ്റർ, 9 മീറ്റർ പി.എസ്.സി. പോസ്റ്റുകൾ നൽകുന്നതിനുള്ള പുതിയ കരാർ മംഗലാപുരത്തുള്ള ജ്യോതി കൺസ്ട്രക്ഷൻ കമ്പനിക്ക് നൽകിയിട്ടുണ്ട്. പുതിയ കരാർ പ്രകാരം 2015 നവംബർ അവസാനം മുതൽ കാസർഗോഡ് സർക്കിളിനു പ്രതിമാസം 850 എണ്ണം 8 മീറ്റർ പോസ്റ്റുകളും 200 എണ്ണം 9 മീറ്റർ പോസ്റ്റുകളും നൽകേണ്ടതാണ്. കരാർ പ്രകാരമുള്ള പോസ്റ്റുകൾ ലഭിച്ചു തുടങ്ങിയിട്ടുണ്ട്.

വൈദ്യുതി സംരക്ഷണ ബോധവൽക്കരണ പരിപാടികൾ

68 (435) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി സംരക്ഷണത്തിന് ഏതൊക്കെ ബോധവൽക്കരണ പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികൾ വഴി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ് വിശദമാക്കുമോ ?

ഉത്തരം

(എ) വൈദ്യുതി സംരക്ഷണത്തിന് എനർജി മാനേജ്മെന്റ് സെന്റർ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു :

- ഗാർഹിക ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജസംരക്ഷണ ബോധവത്ക്കരണം നൽകുന്നതിന് സ്ത്രീകളായ എനർജി ക്ലിനിക്ക് വോളണ്ടിയർമാർ വീടുകൾതോറും ഊർജ്ജസംരക്ഷണ ക്ലാസ്സുകൾ നൽകുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly